**ഫെഡറൽ റിപ്പബ്ലിക് ഓഫ് ജർമ്മനിയുടെ വിദേശകാര്യ മന്ത്രി ശ്രീ. ജോഹാൻ വഡെഫുളിന്റെ ഇന്ത്യാ സന്ദർശനം (സെപ്റ്റംബർ 01–03, 2025)**

സെപ്റ്റംബർ 03, 2025

ഫെഡറൽ റിപ്പബ്ലിക് ഓഫ് ജർമ്മനിയുടെ വിദേശകാര്യ മന്ത്രി ശ്രീ. ജോഹാൻ വഡെഫുൾ 2025 സെപ്റ്റംബർ 01 മുതൽ 03 വരെ ഇന്ത്യയിൽ ഔദ്യോഗിക സന്ദർശനം നടത്തി. ജർമ്മൻ വിദേശകാര്യ മന്ത്രി എന്ന നിലയിൽ അദ്ദേഹത്തിന്റെ ഇന്ത്യയിലേക്കുള്ള ആദ്യ ഔദ്യോഗിക സന്ദർശനമാണിത്. 2025 സെപ്റ്റംബർ 03-ന് വിദേശകാര്യ മന്ത്രി വഡെഫുൾ ബഹുമാനപ്പെട്ട പ്രധാനമന്ത്രിയെ സന്ദർശിക്കുകയും വിദേശകാര്യ മന്ത്രി ഡോ. എസ്. ജയശങ്കറുമായി (EAM) പ്രതിനിധി തല ചർച്ചകൾ നടത്തുകയും ചെയ്തു. അദ്ദേഹം ന്യൂഡൽഹിയിൽ വച്ച് വാണിജ്യ, വ്യവസായ മന്ത്രി ശ്രീ പിയൂഷ് ഗോയലുമായും കൂടിക്കാഴ്ച നടത്തി. ഈ സന്ദർശനത്തിൽ,മന്ത്രി വഡെഫുളിനൊപ്പം ഒരു ഉന്നതതല ബിസിനസ് പ്രതിനിധി സംഘം കൂടി പങ്കെടുത്തു. ഇത് ഇന്ത്യയും ജർമ്മനിയും തമ്മിൽ വേഗത്തിൽ വികസിച്ചുകൊണ്ടിരിക്കുന്ന സാമ്പത്തിക പങ്കാളിത്തത്തെ പ്രതിഫലിപ്പിക്കുന്നു.

2. EAMഉം വിദേശകാര്യ മന്ത്രി വഡെഫുളും രണ്ട് രാജ്യങ്ങളുടെയും തന്ത്രപരമായ പങ്കാളിത്തം മുഴുവനായും അവലോകനം ചെയ്ത്, വ്യാപാരം, നിക്ഷേപം, പ്രതിരോധം, സുരക്ഷ, സാങ്കേതികവിദ്യ, ശാസ്ത്രം, നവീകരണം, ഹരിത, സുസ്ഥിര വികസന പങ്കാളിത്തം വിദ്യാഭ്യാസം ജനങ്ങൾ തമ്മിലുള്ള ബന്ധങ്ങൾ ഉൾപ്പെടെ വിവിധ മേഖലകളിൽ കൈവരിച്ച പുരോഗതിയിൽ തൃപ്തി പ്രകടിപ്പിച്ചു. വിദ്യാഭ്യാസ മേഖലയിലെ വളർച്ച കൂടുതൽ പ്രോത്സാഹിപ്പിക്കുന്നതിന് നമ്മുടെ രാജ്യങ്ങൾ തമ്മിലുള്ള ഹ്രസ്വകാല സ്കൂൾ, കോളേജ് സന്ദർശനങ്ങൾക്കുള്ള സൗജന്യ വിസ അനുവദിക്കാൻ ഇരുപക്ഷവും സമ്മതിച്ചു.

3. റഷ്യ-ഉക്രൈൻ സംഘർഷത്തിലെ പുതിയ സംഭവവികാസങ്ങളും, മിഡിൽ ഈസ്റ്റിലെ സ്ഥിതിഗതികളും, ഇൻഡോ-പസഫിക് മേഖലയിലെ സഹകരണവും പരസ്പര താൽപ്പര്യമുള്ള മറ്റ് പ്രാദേശിക, ആഗോള പ്രശ്നങ്ങളും ഇരുപക്ഷവും ചർച്ച ചെയ്തു. ഇൻഡോ -പസഫിക്

മേഖലയിൽ ഒരു പുതിയ ഉഭയകക്ഷി കൺസൾട്ടേഷൻ സംവിധാനം സ്ഥാപിക്കുന്നതിനായി ഇരുപക്ഷവും പ്രവർത്തിക്കുന്നു.

4. തീവ്രവാദത്തിനെതിരായ പോരാട്ടത്തിൽ ജർമ്മൻ ഗവൺമെന്റിന്റെ ഐക്യദാർഢ്യത്തിനും ഇന്ത്യയ്ക്ക് നൽകിയ ശക്തമായ പിന്തുണയ്ക്കും ഇന്ത്യാ ഗവൺമെന്റിന്റെ പേരിൽ EAM നന്ദി അറിയിച്ചു.

5. ബെംഗളൂരുവിൽ ആരംഭിച്ച ഈ സന്ദർശനത്തിൽ, വിദേശകാര്യ മന്ത്രി വഡെഫുളും അദ്ദേഹത്തിന്റെ  പ്രതിനിധി സംഘവും ഇന്ത്യയിൽ ഗണ്യമായ സാന്നിധ്യമുള്ള ജർമ്മൻ കമ്പനികളുമായി സംവദിക്കുകയും 2025 സെപ്റ്റംബർ 02 ന്  പ്രമുഖ ഇന്നൊവേഷൻ ആൻഡ് ടെക്നോളജി ഹബ്ബുകൾ സന്ദർശിക്കുകയും ചെയ്തു.  ഇന്ത്യൻ സ്പേസ് റിസർച്ച് ഓർഗനൈസേഷൻ (ISRO), ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് (IISc) തുടങ്ങിയ മുൻനിര ഇന്ത്യൻ സ്ഥാപനങ്ങളുമായുള്ള കൂടിക്കാഴ്ചകളും ഈ പരിപാടികളിൽ ഉൾപ്പെടുന്നു. ഗ്രീൻ ടെക്നോളജി, ഡിജിറ്റൽ ട്രാൻസ്ഫോർമേഷൻ, AI, ബഹിരാകാശ രംഗത്തെ സഹകരണം, സുസ്ഥിര നഗരവികസനം തുടങ്ങിയ മേഖലകളിലെ സഹകരണം മെച്ചപ്പെടുത്തുന്നതിനുള്ള അവസരങ്ങൾ ബെംഗളൂരു സന്ദർശനത്തിൽ ഉയർത്തിക്കാട്ടി.

6.  പരസ്പര വിശ്വാസം, പൊതുവായ ജനാധിപത്യ മൂല്യങ്ങൾ , ആഗോള സ്ഥിരതയ്ക്കും സുസ്ഥിര വികസനത്തിനുമുള്ള പ്രതിബദ്ധത എന്നിവയുടെ അടിസ്ഥാനത്തിൽ രൂപംകൊണ്ട  തന്ത്രപരമായ പങ്കാളിത്തത്തിന്റെ 25-ആം വാർഷികം ഇന്ത്യയും ജർമ്മനിയും ആഘോഷിക്കുന്ന സമയത്താണ് ഈ സന്ദർശനം.

ന്യൂഡൽഹി

സെപ്റ്റംബർ 03, 2025